# മനേകാ ഗാന്ധി പെപ്സിക്കയച്ച കത്ത്

മെക്സിക്കോയിലെ കാളപ്പോര് നടത്തുന്ന ഗോദകളിൽ പെപ്സി കമ്പനിയുടെ ആകർഷകങ്ങളായ ബാനറുകൾ പ്രദർശിപ്പിക്കുന്നതായി തെളിയിക്കുന്ന വീഡിയോ ചിത്രങ്ങളുൾപ്പെടെ ഒട്ടേറെ തെളിവുകൾ എനിക്ക് അയച്ചു കിട്ടിയിട്ടുണ്ട്.

പ്രകൃതിയോടും അതിലെ ജീവജാലങ്ങളോടും ക്രൂരതകാണിക്കുമ്പോൾ അത് നമ്മളെത്തന്നെയാണ് ബാധിക്കുന്നത് എന്ന് കൂടുതൽ പേർ ബോധവാൻമാരായി ക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് നിങ്ങളുടെ ഈ നീക്കം എതിർക്കപ്പെടേണ്ടതാണ്.

നിങ്ങളുടെ ഉപസ്ഥാപനമായ 'കെൻറക്കി ഫ്രൈഡ്ചിക്കൻ' ഇന്ത്യയിൽ നേരിട്ട പ്രശ്നങ്ങൾ ഓർമ്മയുണ്ടാവുമല്ലോ. കാളപ്പോരിന് നിങ്ങൾ നൽകുന്ന പ്രോത്സാഹനം വെളിപ്പെടുത്തുന്ന പക്ഷം അത്തരത്തിലുള്ള എതിർപ്പുകൾ പെപ്സിയും അഭിമുഖീകരിക്കേണ്ടിവരും എന്നതിൽ സംശയമില്ല.

വളർത്തു മൃഗങ്ങളെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുക എന്നത് ഭാരതിയരുടെ സംസ്കാരവും പാരമ്പര്യവും ആചാരവുമാണ്. അതുകൊണ്ടു്, മൃഗങ്ങളോട് ക്രൂരത കാട്ടുന്ന വ്യക്തികളോടും സ്ഥാപനങ്ങളോടും ഭാരതിയർ ദയകാണിക്കുമെന്ന് കരുതുക വയ്യ.

കാളപ്പോര് നടക്കുന്ന സ്റ്റേഡിയത്തിൽ നിങ്ങൾ പരസ്യം സ്പോൺസർ ചെയ്തിട്ടുണ്ടെങ്കിലും, അവിടെ നടക്കുന്ന സംഭവങ്ങളെ നിങ്ങൾ പിന്തുണക്കുന്നു എന്നർത്ഥമില്ല എന്ന് നിങ്ങളുടെ പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെൻറ് പറയുന്ന ന്യായമാകട്ടെ തികച്ചും ബാലിശമാണ്.

കാളപ്പോര് നടക്കുന്ന വേദികളിൽ ബാനർ സ്ഥാപിക്കാൻ പണം നൽകുക വഴി കാളപ്പോര് നടത്താൻ തന്നെയാണ് നിങ്ങൾ പണം നൽകുന്നത്. അങ്ങനെയല്ല എന്നു പറയുമ്പോൾ, വർണ്ണവിവേചനം നിലനിർത്തിയിരുന്ന ദക്ഷിണാഫ്രിക്കൻ ഭരണകൂടവുമായി വ്യാപാര ബന്ധങ്ങൾ പുലർത്തിവന്ന കമ്പനികൾ അന്നു പറഞ്ഞിരുന്ന ന്യായമാണ് ഓർമ്മവരുന്നത്. പിന്നീട്, ആ ഭരണകൂടത്തിൻെറ ക്രൂരതയെയും ചൂഷണത്തെയും സഹായിക്കുകയാണ് തങ്ങൾ ചെയ്യുന്നത് എന്ന് തിരിച്ചറിഞ്ഞ അക്കൂട്ടർ. ആ ഭരണകൂടത്തെ ഒറ്റപ്പെടുത്താൻ തീരുമാനിച്ചപ്പോൾ മാത്രമാണ് ദക്ഷിണാഫ്രിക്കൻ ഭരണകൂടം വർണ്ണ വിവേചനനയം തിരുത്താൻ നിർബ്ബന്ധിതരായത്.

മെക്സിക്കോയിൽ 'പെപ്സികോ' ചെയ്യേണ്ടതും അതാണ്- കാളപ്പോരിന് നൽകുന്ന എല്ലാ പിന്തുണയും പിൻവലിക്കുക. കാളപ്പോരുമായി ഇനിയാതൊരു വിധത്തിലും ഞങ്ങൾ സഹകരിക്കില്ല എന്നു തീരുമാനിക്കുകയും അക്കാര്യം മാധ്യമങ്ങൾ മുഖേന ലോകസമക്ഷം കൊണ്ടുവരികയും ചെയ്യുന്നപക്ഷം, കാളപ്പോരിന് പിന്തുണ നൽകുകവഴി നിങ്ങൾക്ക് ലഭിക്കുന്നതിനേക്കാൾ പതിൻമടങ്ങ് ജനപ്രീതി നേടാൻ നിങ്ങൾക്ക് കഴിയും. മാത്രമല്ല പെപ്സി കമ്പനി വെറും ധനലാഭത്തേക്കാൾ ചില ശ്രേഷ്ഠ മൂല്യങ്ങൾക്കുകൂടി പരിഗണന നൽകുന്നതായി ജനങ്ങൾ മനസ്സിലാക്കും.

ഇന്ത്യയിലിപ്പോൾ, ശക്തിയാർജിച്ചുവരുന്ന ഒരു മൃഗസംരക്ഷണ പ്രസ്ഥാനമുണ്ട്. അതിലൊന്നിൻെറ നേതൃസ്ഥാനം വഹിക്കുന്നയാളാണ് ഞാൻ. ഈ വിഷയവുമായി ബന്ധപ്പെട്ട രണ്ട് ടി.വി. ചാനലുകൾ ഞാൻ കൈകാര്യം ചെയ്യുന്നുണ്ട്. ആ ചാനലുകളിലൂടെ, കാളപ്പോര് നടത്താൻ പെപ്സി സഹായിക്കുന്നു എന്ന കാര്യം പരസ്യമാക്കാൻ ഞാൻ വിചാരിക്കുന്നു. ബാക്കി ഭാരതീയരായ ഉപഭോക്താക്കൾ തീരുമാനിക്കട്ടെ.

മറുപടി പ്രതീക്ഷിച്ചുകൊണ്ട്

മനേകാഗാന്ധി.

---

അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന അനിമൽ പീപ്പ്ൾ എന്ന മാസികയിൽ വന്ന കത്തിൻെറ പരിഭാഷയാണിത്.

കുത്തക കമ്പനികൾക്ക് എറാൻമൂളി നടക്കുന്ന കേന്ദ്രമന്ത്രിസഭയിലെ അംഗമായ മനേക, വാചകത്തിൽ പറഞ്ഞതുപോലെ കർമ്മത്തിൽ കരുത്തു കാണിക്കുമോ എന്നു കാത്തിരുന്നു കാണാം.

മനേകയുടെ ഇംഗ്ലീഷ് ലേഖനം പകർത്തി അയച്ചുതന്ന ശ്രീ. കെ.എസ്.നാരായണന് നന്ദി.